നം.വൈ2/35010/12/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി, 5.6.2012.

## kÀ¡þeÀ

വിഷയം:- 2011-2012 വർഷത്തെ മികച്ച പി.ടി.എ തെരഞ്ഞെടുക്കൽ
- സംബന്ധിച്ച്

സൂചന:- ജി.ഒ.(ആർ.റ്റി.)നം.411/2011/പൊ.വി. തീയതി, 29.1.11.

സംസ്ഥാനത്തെ മികച്ച സർക്കാർ/എയിഡഡ് സ്കൂൾ പി.ടി.എ.കളെ കണ്ടെത്തി ഉപജില്ല, വിദ്യാഭ്യാസ ജില്ല, റവന്യൂജില്ല, സംസ്ഥാനതലത്തിൽ ഗ്രേഡ് നൽകുന്നതിനും പ്രോത്സാഹന സഹായം നൽകുന്നതിനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അവാർഡിന് പരിഗണിക്കുന്നത് താഴെപ്പറയുന്ന പ്രകാരമായിരിക്കും.

ഗവൺമെന്റ്, എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളെയാണ് അവാർഡിനായി പരിഗണിക്കുന്നത്. പ്രൈമറി, സെക്കണ്ടറി എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾക്കായി അവാർഡുകൾ ഉണ്ടായിരിക്കും. ടി.ടി.ഐ.കളെ പ്രൈമറി വിഭാഗത്തിലും ടി.എച്ച്.എസ്., ഫിഷറീസ് സ്കൂൾ, ഹൈസ്ക്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നിവയെ സെക്കണ്ടറി വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. പ്രൈമറി തലത്തിൽ 163 സബ് ജില്ലകളിലെ ഓരോ ജില്ലകളിലെയും ഏറ്റവും മികച്ച പി.ടി.എ.ക്ക് 10,000/-രൂപ വീതം നൽകുന്നതാണ്. ഈ വിഭാഗത്തിൽ പ്രൈമറി സ്കൂളുകളെ മാത്രമായിരിക്കും പരിഗണിക്കുക. സെക്കണ്ടറി വിഭാഗത്തിൽ 38 വിദ്യാഭ്യാസ ജില്ലകളിലെ ഓരോ വിദ്യാഭ്യാസ ജില്ലകളിലെയും മികച്ച പി.ടി.എ.ക്ക് 25,000/-രൂപ വീതം നൽകുന്നതാണ്.

റവന്യൂ ജില്ലാതലത്തിൽ പ്രൈമറി വിഭാഗത്തിലെ ഒന്നും രണ്ടും സ്ഥാനങ്ങൾക്ക് യഥാക്രമം 60,000/- രൂപയും 40,000/-രൂപയും വീതം നൽകുന്നതാണ്. ഇതേ രീതിയിൽ സെക്കണ്ടറി വിഭാഗത്തിലും ഒന്നും രണ്ടും സ്ഥാനങ്ങൾക്ക് 60,000/- രൂപയും 40,000/-രൂപയും വീതം നൽകുന്നതാണ്. പ്രൈമറി വിഭാഗത്തിൽ മത്സരിക്കേണ്ടത് സബ്ജില്ലകളിൽ നിന്ന് എ ഗ്രേഡ് ലഭിച്ച് സ്കോർ കൂടിയ ഒരു പിടി.എ.ആയിരിക്കും.

സെക്കണ്ടറി വിഭാഗത്തിൽ വിദ്യാഭ്യാസ ജില്ലകളിൽ നിന്ന് എ ഗ്രേഡ് ലഭിച്ച് സ്കോർ കൂടിയ രണ്ട് പി.ടി.എ.ക്ക് മത്സരിക്കാവുന്നതാണ്. റവന്യൂ ജില്ലയിൽ എ ഗ്രേഡും ഒന്നും രണ്ടും സ്ഥാനവും ലഭിക്കുന്ന പ്രൈമറി/സെക്കണ്ടറി വിഭാഗങ്ങളിലെ പി.ടി.എ.കൾക്ക് സംസ്ഥാനതല മത്സരത്തിന് യോഗ്യത ഉണ്ടായിരിക്കും.

മെച്ചപ്പെട്ട പി.ടി.എ.കളെ 5 ഗ്രേഡുകളായി തിരിക്കണം. (എ., ബി, സി. ഡി. ഇ) എ ഗ്രേഡ് ലഭിക്കാത്ത പി.ടി.എ.കൾ റവന്യൂ/ജില്ല/സംസ്ഥാന തലങ്ങളിൽ മത്സരിക്കേണ്ടതില്ല.

സംസ്ഥാനതലത്തിൽ പ്രൈമറി സെക്കണ്ടറി വിഭാഗങ്ങളലിൽ 5 സ്ഥാന ങ്ങൾക്ക് താഴെപ്പറയുന്ന പ്രകാരം പ്രേത്സാഹന സഹായം നൽകുന്നതാണ്.

ഒന്നാം സ്ഥാനം 5,00,000/- രൂപ വീതം ഓരോ മികച്ച പ്രൈമറി, സെക്കണ്ടറി സ്കൂളു കൾക്ക്

രണ്ടാം സ്ഥാനം 4,00,000/- രൂപ വീതം '' ''

മൂന്നാം സ്ഥാനം 3,00,000/- രൂപ വീതം '' ''

നാലാം സ്ഥാനം 2,00,000/ രൂപ വീതം '' ''

അഞ്ചാം സ്ഥാനം 1,00,000/ രൂപ വീതം '' ''

അപേക്ഷാ ഫാറവും മറ്റു വിവരങ്ങളും **www.edn.kerala.gov.in** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന പി.ടി.എ.കൾ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രൊഫോർമ പൂരിപ്പിച്ച് ഒപ്പിട്ട് അനുബന്ധ രേഖകൾ സഹിതം (ഫോട്ടോ, സർട്ടിഫിക്കറ്റിന്റെ കോപ്പി, സി.ഡി. മുതലായവ) സബ്ജില്ലാ തലത്തിൽ എ.ഇ.ഒ.മാർക്കും വിദ്യാഭ്യാസ ജില്ലാ തലത്തിൽ ഡി.ഇ.ഒ.മാർക്കും അയ ച്ചുകൊടുക്കേണ്ടതാണ്.

സബ്ജില്ലയിൽ ഒന്നാം സ്ഥാനവും 'എ' ഗ്രേഡും ലഭിക്കുന്ന പി.ടി.എ.കളു ടേയും വിദ്യാഭ്യാസ ജില്ലാതലത്തിൽ 'എ' ഗ്രേഡും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭി ക്കുന്ന പി.ടി.എ.കളുടെയും ബന്ധപ്പെട്ട രേഖകൾ റവന്യൂ ജില്ലാതല മത്സരത്തിനായി അതാതു ഡി.ഡി.ഇ.മാർക്ക് അയച്ചുകൊടുക്കേണ്ടതാണ്. റവന്യൂ ജില്ലാതലത്തിൽ 'എ' ഗ്രേഡും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ച പ്രൈമറി, സെക്കണ്ടറി പി.ടി.എ. കളുടെ രേഖകൾ സംസ്ഥാനതല മത്സരത്തിനായി അഡീഷണൽ ഡയറക്ടർ (ജനറൽ), പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം എന്ന വിലാ സത്തിൽ 20.7.2012 5 പി.എം.ന് മുമ്പ് നേരിട്ട് എത്തിച്ചു കൊടുക്കേണ്ടതാണ്. അതിന്റെ കൂടെ തെരഞ്ഞെടുക്കപ്പെട്ട പി.ടി.എ.കളെക്കുറിച്ചുള്ള ലഘുവിവരണം തയ്യാറാക്കി അപേക്ഷയോടൊപ്പം എത്തിക്കേണ്ടതാണ്.

പ്രൊഫോർമയിലെ എല്ലാ കോളങ്ങളിലും പൂരിപ്പിച്ച് നൽകുന്നതോടൊപ്പം അവാർഡ് നിർണ്ണയ സമിതി സ്കൂൾ സന്ദർശിക്കുന്ന വേളയിൽ പരിശോധന യ്ക്കായി ഈ രേഖകൾ നൽകേണ്ടതാണ്.

മികച്ച പി.ടി.എ.കളെ തെരഞ്ഞെടുക്കുന്നതിനായി താഴെപ്പറയുന്ന പ്രകാരം കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

1. സബ്ജില്ല

എ.ഇ.ഒ.കൺവീനറായ കമ്മിറ്റിയിൽ സബ്ജില്ലാ ചുമതലയുള്ള ഒരു ഡയറ്റ് ഫാക്കൽറ്റി, തദ്ദേശസ്വായംഭരണ പ്രതിനിധി (ബ്ലോക്ക് പഞ്ചായത്ത് പ്രസി ഡന്റ്/മുൻസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ) എന്നിവർ അംഗങ്ങളായിരിക്കും.

2. വിദ്യാഭ്യാസ ജില്ല

ഡി.ഇ.ഒ. കൺവീനറായ കമ്മിറ്റിയിൽ ഒരു ജില്ലാ പ്രോഗ്രാം ഓഫീസർ (എസ്.എസ്.എ) ഡയറ്റ് പ്രിൻസിപ്പൽ അല്ലെങ്കിൽ ഡയറ്റ് പ്രിൻസിപ്പൽ നിർദ്ദേശിക്കുന്ന ഒരു ഫാക്കൽറ്റി അംഗം ജില്ലാ പഞ്ചായത്ത് അംഗം/ മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിലർ.

2. ജില്ലാതലം

ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായ കമ്മിറ്റിയിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും ഡയറ്റ് പ്രിൻസിപ്പൽ, ജില്ലാ പ്രോജക്ട് എഫീസർ (എസ്.എസ്.എ) എച്ച്.എസ്.എസ്. റീജിയനൽ ഡയറക്ടർ, വി.എച്ച്.എസ്.ഇ. ജോയിന്റ് ഡയറക്ടർ എന്നിവരും തദ്ദേശം ഉൾക്കൊള്ളുന്ന ഡി.ഇ.ഒ, എ.ഇ.ഒ, ഡി.പി.ഒ. എന്നിവർ അംഗങ്ങളുമായിരിക്കും.

3. സംസ്ഥാനതലം

വിദ്യാഭ്യാസമന്ത്രി ചെയർമാനും പൊതുവിദ്യാഭ്യാസ സെക്രട്ടറി കൺവീനറും പൊതു വിദ്യാഭ്യാസം, സീമാറ്റ്, എസ്.സി.ഇ.ആർ.ടി, എസ്.എസ്.എ, എച്ച്.എസ്. എസ്, വി.എച്ച്.എസ്.ഇ. എന്നിവയുടെ ഡയറക്ടർമാർ അംഗങ്ങളുമായ കമ്മിറ്റി ആയിരിക്കും സംസ്ഥാനത്തെ മികച്ച സ്കൂൾ പി.ടി.എ.കളെ തെരഞ്ഞെടുക്കുന്നത്.

അവാർഡിനായി 2011–2012 വർഷമായിരിക്കും പരിഗണിക്കുക. 31.3.2012 വരെയുള്ള പ്രവർത്തനം ആയിരിക്കും വിലയിരുത്തുക. ഗവൺമെന്റ് എയിഡഡ് സ്കൂളുകൾ ഒരുമിച്ച് മത്സരിക്കേണ്ടതാണ്. അവാർഡ് നിർണ്ണയത്തിനായുള്ള സമയക്രമം ചുവടെ ചേർക്കുന്നു.

1. വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും അപേക്ഷാ ഫാറം പ്രിന്റ് എടുത്ത് പൂരിപ്പിച്ച് അനുബന്ധ രേഖകൾ സഹിതം
   (എ) ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ട അവസാന
   തീയതി – 10.7.2012 5 പി.എം.
   (ബി) ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്രിക്കേണ്ട അവസാന
   തീയതി – 10.7.2012 5 പി.എം.
2. ഉപജില്ലാതലത്തിൽ എൻട്രികൾ പരിശോധിച്ച് ഒരു മികച്ച പ്രൈമറി സ്കൂൾ പി,ടി.എ. തെരഞ്ഞെടുക്കേണ്ട അവസാന തീയതി – 17.7.2012 5 പി.എം.
3. വിദ്യാഭ്യാസ ജില്ലാതലത്തിൽ എൻട്രികൾ പരിശോധിച്ച് മികച്ച സെക്കണ്ടറി സ്കൂൾ പി.ടി.എ. തെരഞ്ഞെടുക്കേണ്ട അവസാന തീയതി – 17.7.2012
4. റവന്യൂ ജില്ലാതലത്തിൽ പ്രൈമറി വിഭാഗത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ തീരുമാനിക്കേണ്ട അവസാന തീയതി – 21.7.2012 5 പി.എം.
5. റവന്യൂ ജില്ലാതലത്തിൽ സെക്കണ്ടറി വിഭാഗത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ തീരുമാനിക്കേണ്ട അവസാന തീയതി – 25.7.2012 5 പി.എം.

6. റവന്യൂ ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ (പ്രൈമറി/സെക്കണ്ടറി) വിഭാഗങ്ങൾ വിദ്യാഭ്യാസ ഡയറക്ടർക്ക് എത്തിക്കേണ്ട അവസാന തീയതി – 28.7.2012 5 പി.എം.

സംസ്ഥാനതല അവാർഡുകൾ 5.9.2012ന് നടക്കുന്ന ദേശീയ അദ്ധ്യാപക ദിന അവാർഡു വിതരണ ചടങ്ങിനോടനുബന്ധിച്ച് വിതരണം ചെയ്യുന്നതാണ്. സബ്ജില്ല/ജില്ല/റവന്യൂ ജില്ലാ അവാർഡുകൾ അതാതു ജില്ലകളിൽ വച്ചു നടത്തുന്ന റ്റി.റ്റി.ഐ/പി.പി.റ്റി.റ്റി.ഐ. കലോത്സവ ചടങ്ങിൽ വച്ച് വിതരണം ചെയ്യുന്നതാണ്. അവാർഡ് തുക സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്.

ശുപാർശകൾ കൃത്യസമയത്ത് തന്നെ ഈ ആഫീസിൽ എത്തിക്കാൻ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ പ്രത്യേകം താല്പര്യം കാണിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം ലിസ്റ്റ് ലഭിക്കാതെ വന്നാൽ അത്തരം ജില്ലകളിലെ സ്കൂളുകൾ പരിഗണിക്കപ്പെടാതിരിക്കാൻ സാദ്ധ്യതയുണ്ടെന്ന് കൂടി അറിയിക്കുന്നു. പി.ടി.എ.ഫണ്ടിൽ ചെലവാകാതെ വരുന്ന തുക പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് പി.ആർ.ഒ.യുടെ പേരിൽ അയയ്ക്കേണ്ടതാണ്.

സംസ്ഥാനതലത്തിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന പി.ടി.എ. പ്രവർത്തിക്കുന്ന സ്കൂളുകളെക്കുറിച്ചുള്ള ഡോക്കുമെന്ററികൾ തയ്യാറാക്കി വിക്ടേഴ്സ് ചാനലിലൂടെ പ്രക്ഷേപണം നടത്തുന്നതിന് ഐറ്റി അറ്റ് സ്കൂൾ പ്രോജക്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒപ്പ്,
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

പകർപ്പ്:– 1. സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (with C/L)
2. ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം (with C/L)
3. ‘‘ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം (with C/L)
4. '' സീമാറ്റ്, തിരുവനന്തപുരം (with C/L)
5. ’’ എസ്.സി.ഈ.ആർ.ടി, തിരുവനന്തപുരം (with C/L)
6. ’’ എസ്.എസ്.എ, തിരുവനന്തപുരം (with C/L)
7. ഡി.പി.ഐ, എ.ഡി.പി.ഐ(ജനറൽ), എ.ഡി.പി.ഐ(അക്കാദമിക്), ജോയിന്റ് ഡയറക്ടർ, (സി.എ. മുഖാന്തിരം)
8. പബ്ലിക് റിലേഷൻസ് ഓഫീസർ,
9. ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ട്മാർ
10. സ്റ്റോക്ക് ഫയൽ.

# അധ്യാപക രക്ഷാകർതൃ സമിതി (പി.ടി.എ.) വിലയിരുത്തൽ പ്രൊഫോർമ

വിദ്യാലയങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിലും മികവ് ആർജിക്കുന്നതിലും അധ്യാപക രക്ഷാകർതൃ സമിതികൾക്കുള്ള പങ്ക് വളരെ വലുതാണ്. പി.ടി. എ. കളുടെ പ്രവർത്തനം വിലയിരുത്തി അംഗീകാരം നൽകുന്ന നിലവിലുള്ള രീതി കൂടുതൽ മെച്ചപ്പെടുത്തുന്നു. സംസ്ഥാനതലത്തിനു പുറമേ ജില്ലാതലത്തിലും കൂടി അവാർഡുകൾ നൽകാനാണ് തീരുമാനം. സ്കൂൾ പി.ടി.എ.കളുടെ പ്രവർത്തനം വിലയിരുത്തി ഗ്രേഡുകൾ നൽകി അവയിൽ മികച്ച ഗ്രേഡുകൾ നേടുന്ന പി.ടി.എ.കൾക്കാണ് അംഗീകാരം നൽകുന്നത്. ഗവൺമെന്റ്, എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളെയാണ് ഇതിനായി പരിഗണിക്കുന്നത്. പ്രൈമറി, സെക്കണ്ടറി (ടി.ടി.ഐ.കളെ പ്രൈമറി വിഭാഗത്തിലും, ടി.എച്ച്.എസ്.,ഫിഷറീസ് സ്കൂൾ, ഹയർസെക്കണ്ടറി, വൊ. ഹയർസെക്കണ്ടറി എന്നിവയെ സെക്കണ്ടറി വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു) എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾക്കായി അവാർഡുകൾ ഉണ്ടായിരിക്കും. ഇതിനാവശ്യമായ പ്രൊഫോർമ ഇതോടൊപ്പം ചേർക്കുന്നു. പ്രൊഫോർമ യിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കണം. ഓൺലൈനായി ഇവ നൽകണം. അതിന്റെ പ്രിന്റ് എടുത്ത് ആവശ്യമായ പിന്തുണാരേഖകൾ (Supporting evidence) അടക്കം അതാത് ഡയററ് പ്രിൻസിപ്പലിനു നൽകണം. സ്കൂൾ രേഖകളുടെ അടിസ്ഥാനത്തിലായിരിക്കണം ഇവ നൽകുന്നത്. അവാർഡു നിർണയ സമിതി സ്കൂൾ സന്ദർശിക്കുന്ന വേളയിൽ പരിശോധനയ്ക്കായി ഈ രേഖകൾ നൽകേണ്ടതാണ്.

എല്ലാ സ്കൂൾ പി.ടി.എ.കളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഡയറക്ടർ**

# അധ്യാപക രക്ഷാകർത്തൃസമിതി (പി.ടി.എ)വിലയിരുത്തൽ പ്രൊഫോർമ

## I. സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല :
2. യൂണിഫോം സ്കൂൾ കോഡ് :
3. സ്കൂളിന്റെ പേര് :

   മേൽവിലാസം :

   പിൻകോഡ് :

   ഫോൺ നമ്പർ :

   ഇമെയിൽ അഡ്രസ് :

   വെബ് സൈറ്റ് (ഉണ്ടെങ്കിൽ) :

   ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ :

   വിദ്യാഭ്യാസ ജില്ല :

   സബ് ജില്ല :

4. ക്ലാസ്സുകൾ : ☐ മുതൽ ☐ വരെ
5. മാനേജ്മെന്റ് : ഗവൺമെന്റ് ☐ എയ്ഡഡ് ☐
6. പഠന മാധ്യമം : മലയാളം ☐ തമിഴ് ☐ കന്നട ☐ ഇംഗ്ലീഷ് ☐

7. വിദ്യാർഥികളുടെ എണ്ണം :

| വർഷം | ക്ലാസ്സ് | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | ആകെ |
| 2006-2007 | | | | | | | | | | | | | |
| 2007-2008 | | | | | | | | | | | | | |
| 2008-2009 | | | | | | | | | | | | | |
| 2009-2010 | | | | | | | | | | | | | |

8. അധ്യാപകരുടെ എണ്ണം:

| | പ്രീപ്രൈമറി | പ്രൈമറി | ഹൈസ്കൂൾ | ഹയർ സെക്കന്ററി | വി.എച്ച്. എസ്.ഇ. | സെപ്ഷ്യലിസ്റ്റ് അധ്യാപകർ | മറ്റുള്ളവർ | ആകെ |
|---|---|---|---|---|---|---|---|---|
| അംഗീകരിച്ചത് | | | | | | | | |
| നിലവിലുള്ളത് | | | | | | | | |

9. 2010–11 അധ്യയനവർഷം സ്കൂൾ പ്രവർത്തിച്ച ദിവസങ്ങളുടെ എണ്ണം : ☐

## II. ഭൗതിക സൗകര്യങ്ങൾ

1. കഴിഞ്ഞ രണ്ടു വർഷമായി(2008-09,2009–10)പി.ടി.എ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക : ☐

(കെട്ടിടങ്ങൾ, ഫർണിച്ചറുകൾ, പഠനോപകരണങ്ങൾ, സ്കൂൾ വാഹനങ്ങൾ തുടങ്ങിയവ)

ചെറുകുറിപ്പ് എഴുതുക :

______________________________

______________________________

______________________________

______________________________

2. കഴിഞ്ഞ രണ്ടു വർഷമായി പി.ടി.എ ഒഴികെയുള്ള ഇതര ഏജൻസികൾ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ : ☐

(കെട്ടിടങ്ങൾ, ഫർണിച്ചറുകൾ, പഠനോപകരണങ്ങൾ തുടങ്ങിയവ)

(വിശദ വിവരങ്ങൾ ചുരുക്കി നൽകുക)____________________

______________________________

______________________________

______________________________

| ഏജൻസി | ചെലവാക്കിയ തുക |
|---|---|
| ⇨ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | |
| ⇨ എം.എൽ.എ/എം.പി.ഫണ്ട് | |
| ⇨ സ്കൂൾ മാനേജ്മെന്റ് | |
| ⇨ ഇതര ഏജൻസികൾ (വ്യക്തികൾ സന്നദ്ധസംഘടനകൾ) | |

ഇവ ലഭ്യമാക്കാൻ പി.ടി.എ നടത്തിയ ഇടപെടൽ(ചുരുക്കി നൽകുക)____________________

______________________________

______________________________

(ഫണ്ട് വിനിയോഗം സംബന്ധിച്ച ഓഡിറ്റ് ചെയ്ത കണക്ക് ലഭ്യമാക്കണം - ആവശ്യമെങ്കിൽ പ്രത്യേക ഷീറ്റ് ഉപയോഗിക്കാം)

## III. ധനസമാഹരണം

| മേഖലകൾ | | 200–10 ലഭിച്ച തുക | 2010–11 ലഭിച്ച തുക |
|---|---|---|---|
| ⇨ രക്ഷിതാക്കളിൽ നിന്ന് | : | | |
| ⇨ പ്രാദേശികമായി കണ്ടെത്തിയത് (രീതി വ്യക്തമാക്കണം): | | | |
| ⇨ മറ്റ് രീതികളിൽ സ്വരൂപിച്ചത് | : | | |

കഴിഞ്ഞ രണ്ട് വർഷത്തെ പി.ടി.എയുടെ ആകെ വരവ്, ചെലവ് എന്നിവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുക :______________________________

______________________________

______________________________

______________________________

## IV. പി.ടി.എയുടെ 2009–2010 വർഷത്തെ അക്കാദമിക ഇടപെടലുകൾ

1. പി.റ്റി.എ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം: [ ]

അതിനായി 2010–2011 ൽ ചെലവാക്കിയ തുക : [ ]

നിയമിതരായ ഓരോ വ്യക്തിയും വഹിക്കുന്നചുമതലകൾ :

1 [ ]

2 [ ]

3 [ ]

4 [ ]

വിശദാംശങ്ങൾ എഴുതുക :

______________________________

______________________________

______________________________

______________________________

2. സ്കൂൾ ആഘോഷങ്ങൾ/ദിനാചരണങ്ങൾ/മേളകൾ/പ്രദർശനങ്ങൾ:

വിശദാംശങ്ങൾ______________________________

______________________________

______________________________

______________________________

______________________________

3. വിവിധ പഠന സൗകര്യം ഒരുക്കൽ:
വിശദാംശങ്ങൾ________________________________________

4. പഠനത്തിൽ പ്രാദേശിക വിഭവങ്ങൾ(മനുഷ്യ വിഭവശേഷി ഉൾപ്പെടെ) പ്രയോജനപ്പെടുത്തൽ:
വിശദാംശങ്ങൾ________________________________________

5. ഫീൽഡ് ട്രിപ്പ്/പഠനയാത്ര:
വിശദാംശങ്ങൾ________________________________________

6. എസ്.എസ്.ജി പ്രവർത്തനങ്ങൾ:
വിശദാംശങ്ങൾ________________________________________

7. പഠന നിലവാരം ഉയർത്താനുള്ള പ്രത്യേക പരിപാടികൾ:
വിശദാംശങ്ങൾ________________________________________

8. വിലയിരുത്തൽ (കുട്ടികളുടെ ഉത്പന്നങ്ങൾ തുടങ്ങിയവ):
വിശദാംശങ്ങൾ________________________________________

9. ക്ലബ്ബ് പ്രവർത്തനങ്ങൾ:
വിശദാംശങ്ങൾ________________________________________

10. കുട്ടികളുടെ ജനാധിപത്യവേദികൾ:
വിശദാംശങ്ങൾ

11. സ്കോളർഷിപ്പ് പരീക്ഷകൾ:
വിശദാംശങ്ങൾ

12. എൻഡോവ്മെന്റുകൾ:
വിശദാംശങ്ങൾ

13. പ്രീപ്രൈമറി പ്രവർത്തനങ്ങൾ:
വിശദാംശങ്ങൾ

14. പൊതു പരീക്ഷാ(എസ്.എസ്.എൽ.സി, എച്ച്.എസ്.എസ്.,വി.എച്ച്.എസ്.ഇ.) റിസൽട്ട് മെച്ചപ്പെടുത്തൽ
വിശദാംശങ്ങൾ

15. പി.ടി.എയുടെ ഇടപെടലുകൾമൂലം സ്കൂളിന് ലഭിച്ച ബഹുമതികൾ, സർട്ടിഫിക്കറ്റുകൾ, ചാമ്പ്യൻഷിപ്പുകൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ

## V. വിദ്യാർഥി പ്രവേശനം:

കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വിദ്യാർഥി പ്രവേശനത്തിൽ പി.ടി.എ വഹിച്ച പങ്ക്, അതിന്റെ ഫലമായി ഉണ്ടായ വർധനവ്, കൊഴിഞ്ഞു പോക്ക് തടയുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്നിവ വ്യക്തമാക്കുക.

______________________________________________

______________________________________________

______________________________________________

______________________________________________

## VI. പോഷകാഹാരം

1. സർക്കാർ നൽകുന്ന ഭക്ഷണത്തിന് പുറമേ സ്കൂളിൽ നിന്നും വിതരണം ചെയ്യുന്ന മറ്റ് ഭക്ഷണ സാധനങ്ങൾ :

| ഭക്ഷണ ഇനം | നൽകുന്ന ഏജൻസി | ചെലവാക്കിയ തുക (2009-10, 2010-11) |
|---|---|---|
| ⇨ പ്രഭാത ഭക്ഷണം | | |
| ⇨ ഉച്ച ഭക്ഷണം | | |
| ⇨ ലഘു ഭക്ഷണം | | |
| ⇨ രാത്രി ഭക്ഷണം | | |
| ⇨ മുട്ട | | |
| ⇨ പാൽ | | |

വിശദാംശങ്ങൾ രേഖപ്പെടുത്തുക:

2. ഭക്ഷണത്തിന്റെ ഗുണനിലവാരവും ഫലപ്രദമായ വിതരണവും ഉറപ്പാക്കാൻ പ്രത്യേക സംവിധാനം എർപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ

## VII. ശുചിത്വവും സ്കൂൾ സൗന്ദര്യവൽക്കരണവും

സ്കൂൾ ശുചിത്വം, സൗന്ദര്യവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട് കഴിഞ്ഞവർഷം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുക.

## VIII. ആരോഗ്യം

കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യ സംരക്ഷണത്തിന് പി.റ്റി.എ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുക.

⇨ കലാകായിക പ്രവർത്തനങ്ങൾ

വിശദാംശങ്ങൾ________________________________________________
________________________________________________
________________________________________________
________________________________________________
________________________________________________

⇨ മെഡിക്കൽ ക്യാമ്പ്

വിശദാംശങ്ങൾ____________________

⇨ കൗൺസിലിംഗ്, ബോധവൽക്കരണക്ലാസ്സുകൾ

വിശദാംശങ്ങൾ____________________

⇨ പ്രഥമ ശുശ്രൂഷ

വിശദാംശങ്ങൾ____________________

⇨ മറ്റ് ഏതെങ്കിലും

വിശദാംശങ്ങൾ____________________

## X. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം

ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ, ദരിദ്രർ, രോഗികൾ, പട്ടികജാതി-പട്ടികവർഗ കുട്ടികൾ എന്നിവർക്കായി പി.ടി.എ. നടത്തുന്ന പത്യേക പരിപാടികൾ (വിശദമാക്കുക)

# X. സംഘടനാ സംവിധാനങ്ങൾ

1. ഈ അധ്യയനവർഷം കൂടിയ പി.ടി.എ ജനറൽ ബോഡി യോഗങ്ങളുടെ എണ്ണം. [ ]

| കൂടിയ തീയതികൾ | ഹാജർ ശതമാനം |
|---|---|
| | |
| | |
| | |
| | |

പ്രധാന തീരുമാനങ്ങൾ

(മിനിറ്റ്സ് സംഗ്രഹം ഹാജരാക്കണം)

2. പി.ടി.എ എക്സി: കമ്മിറ്റികൂടിയ എണ്ണം: [ ]

ശരാശരി പങ്കാളിത്തം (ശതമാനത്തിൽ): [ ]

പ്രധാന തീരുമാനങ്ങൾ:

3. ഈ അധ്യയനവർഷം കൂടിയ സ്റ്റാഫ് കൗൺസിൽ യോഗങ്ങളുടെ എണ്ണം. [ ]

പ്രധാന തീരുമാനങ്ങൾ:

4. ക്ലാസ് പി.ടി.എ

ഓരോ വിഭാഗത്തിലും നടന്ന സി.പി.റ്റി.എ കളുടെ ശരാശരി എണ്ണവും പങ്കാളിത്തവും:

| വിഭാഗം | എണ്ണം | ഹാജർ ശതമാനം |
|---|---|---|
| എൽ.പി | | |
| യു.പി | | |
| എച്ച്.എസ് | | |
| എച്ച്.എസ്.എസ്. | | |

5. അമ്മമാരുടെ പി.റ്റി.എ:

ഓരോ വിഭാഗത്തിലും നടന്ന എം.പി.റ്റി.എ കളുടെ ശരാശരി എണ്ണവും പങ്കാളിത്തവും:

| വിഭാഗം | എണ്ണം | ഹാജർ ശതമാനം |
|---|---|---|
| എൽ.പി | | |
| യു.പി | | |
| എച്ച്.എസ് | | |
| ഏച്ച്.എസ്.എസ്. | | |

6.. പ്രാദേശിക പി.റ്റി.എ:

ചേർന്ന യോഗങ്ങളുടെ എണ്ണം:

ശരാശരി പങ്കാളിത്തം(ശതമാനത്തിൽ):

എടുത്ത പൊതു തീരുമാനങ്ങൾ :

7.. രക്ഷാകർത്താക്കൾ ഉൾപ്പെടുന്ന മറ്റേതെങ്കിലും സംഘടന ഉണ്ടെങ്കിൽ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ

## XI. സാമൂഹിക ഇടപെടലുകൾ

1. സ്കൂളിനകത്തോ പുറത്തോ ഉള്ള സാമൂഹിക പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹരിക്കുന്നതിൽ പി.ടി.എ നടത്തുന്ന പ്രവർത്തനങ്ങൾ (റോഡ് സുരക്ഷിതത്വവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, പുകവലി,മദ്യം, മയക്കുമരുന്ന് എന്നിവക്കെതിരെയുള്ള പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണം) വിശദമാക്കുക

2. സ്കൂൾ വിഭവങ്ങൾ (ലൈബ്രറി, ലാബ്, കളിസ്ഥലം.................) സമൂഹത്തിന് പ്രയോജനപ്പെടുത്തൽ

## XII. സ്കൂൾ ഭരണം, പ്രധമാധ്യാപകന്റെ ഭരണമികവ്

1. സ്കൂൾ ഭരണം കാര്യക്ഷമമാക്കുന്നതിൽ പി.ടി.എയുടെ ഇടപെടൽ വ്യക്തമാക്കുക.

2. സ്കൂളിലെ പ്രഥമാധ്യാപകന്റെ ചുമതലകൾ വികേന്ദ്രീകരിച്ചിട്ടുണ്ടോ?

ഉണ്ട് ☐ ഇല്ല ☐

3. ഉണ്ട് എങ്കിൽ വിശദമാക്കുക.

4. ഹെഡ്മാസ്റ്റർ ഈ അധ്യയനവർഷം ഓരോ ക്ലാസിലും ശരാശരി എത്ര പ്രാവിശ്യം അക്കാദ മിക് മോണിറ്ററിംഗ് നടത്തിയിട്ടുണ്ട്? ☐

5. നടത്തിയ രീതി വിശദമാക്കുക.

## XIII. നൂതന(Innovative) പ്രവർത്തങ്ങൾ

മികവ് വർധിപ്പിക്കുന്നതിനുവേണ്ടി പി.ടി.എ യുടെ നേതൃത്വത്തിൽ ഏറ്റെടുത്തു നടപ്പിലാക്കിയ നൂതന പ്രവർത്തനങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കുക (തെളിവിന് ഫോട്ടോകൾ, വീഡിയോ ക്ലിപ്പിംഗ്സ്, പത്രവാർത്തകൾ, ഉത്പന്നങ്ങൾ............. ഹാജരാക്കണം)

# അനുബന്ധം

## ഗ്രേഡ് നിശ്ചയിക്കുന്നതിനുള്ള സൂചകങ്ങളും സ്കോറിംഗ് രീതിയും

സംസ്ഥാനത്തെ മികച്ച സ്കൂൾ അധ്യാപക-രക്ഷാകർതൃസമിതി (പി.ററി.എ.)കളെ കണ്ടെത്തുന്നതിനും ഗ്രേഡ് ചെയ്യുന്നതിനുമുള്ള സൂചകങ്ങളും അവയുടെ സ്കോറും ഇതോടൊപ്പം ചേർത്തിരിക്കുന്നു. പി.ടി.എ.യുടെ ആഭിമുഖ്യത്തിൽ നടന്ന പ്രവർത്തനങ്ങളെ 12 മേഖലകളായി തിരിച്ച് ഓരോ മേഖലയ്ക്കും നൽകാവുന്ന പരമാവധി സ്കോർ നിശ്ചയിച്ചിട്ടു ണ്ട്. ആകെ സ്കോർ 200 എന്നു നിജപ്പെടുത്തിയിരിക്കുന്നു. ഓരോ സൂചകത്തിനും പരമാവധി 5 സ്കോറാണുള്ളത്. പി.ററി.എ.കൾ നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ച് ഓരോ സൂചകത്തിനും 3 പോയിന്റ് സ്കെയിലിൽ സ്കോർ നൽകാവുന്നതാണ്. ഏററവും മികച്ച രീതിയിൽ പരമാവധി പ്രവർത്തനം നടത്തുന്നവർക്ക് 5 സ്കോറും ശരാശരി നിലവാരത്തിന് 3 സ്കോറും ശരാശരിയിൽ താണ പ്രവർത്തനത്തിന് ഒരു സ്കോറുമാണ് നൽകേണ്ടത്. ഇങ്ങനെ നൽകിയ ആകെ സ്കോർ കണക്കാക്കി താഴെപ്പറയുന്ന രീതിയിൽ ഗ്രേഡ് ചെയ്യാവുന്ന താണ്.

| ഗ്രേഡ് | സ്കോർ |
|---|---|
| A | 150-200 |
| B | 100-149 |
| C | 80-99 |
| D | 80 താഴെ |

| | | ശരാശരിയിൽ താഴെ | ശരാശരി | മെച്ചപ്പെട്ടത് |
|---|---|---|---|---|
| I. | **ഭൗതികസൗകര്യങ്ങൾ (സ്കോർ: 15)** | | | |
| | 1. ആവശ്യത്തിന് ആനുപാതികമായി സൗര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. (പഠനോപകരണങ്ങൾ, പഠനസൗകര്യങ്ങൾ എന്നിവയ്ക്കു പ്രാധാന്യം). | | | |
| | 2. ഒന്നിലധികം ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. | | | |
| | 3. ഫണ്ട് വിനിയോഗം സംബന്ധിച്ച് ഓഡിററ് ചെയ്ത കണക്ക് ലഭ്യമാക്കിയിട്ടുണ്ട്. | | | |
| II. | **ധനസമാഹരണം (15)** | | | |
| | 1. രക്ഷിതാവിൽ നിന്നും ധനം സമാഹരിച്ചിട്ടുണ്ട്. | | | |
| | 2. പ്രാദേശികമായി സമ്പത്ത് സമാഹരിച്ചിട്ടുണ്ട്. (ബെനിഫിററ് ഷോ, സ്പോൺസർമാർ തുടങ്ങിയവ) | | | |
| | 3. കൃത്യമായ വരവു ചെലവ് കണക്ക് സൂക്ഷിച്ചിട്ടുണ്ട്. | | | |
| III. | **പി.ടി.എ.യുടെ അക്കാദമിക രംഗത്തെ ഇടപെടലുകൾ (50)** | | | |
| | 1. ആഘോഷങ്ങളിലും ദിനാചരണത്തിലുമുള്ള ജനങ്ങളുടെ പങ്കാളിത്തം, പരിപാടികളിലെ വൈവിധ്യം, പ്രാദേശികമായി ലഭിക്കാവുന്ന മികവുകളുള്ള വ്യക്തികളെ ഉപയോഗപ്പെടുത്തൽ. | | | |
| | 2. പ്രാദേശിക ലൈബ്രറി, കലാകേന്ദ്രം, കലാകാരന്മാർ, ഗവേഷണസ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ, തൊഴിൽശാല കൾ, ക്ലബ്ബുകൾ എന്നിവയുടെ ഉപയോഗപ്പെടുത്തൽ. | | | |
| | 3. ഫീൽഡ് ട്രിപ്പ്, സ്റ്റഡിടൂർ തുടങ്ങിയവയുടെ ആസൂത്രണം നിർവഹണം എന്നിവയിൽ രക്ഷിതാക്കളുടെ പങ്ക്. | | | |
| | 4. എസ്.എസ്.ജി.യുടെ പ്രവർത്തനം-പ്രദേശത്തുള്ള അക്കാദമി മികവ് പുലർത്തുന്നവരെക്കൊണ്ട് സ്കൂളിൽ പിന്നാക്കം നിൽക്കുന്നവർക്കു വേണ്ടിയുള്ള ക്ലാസ്സുകൾ, എൻറിച്ചുമെന്റിനു വേണ്ട ക്ലാസ്സുകൾ, കലാകായിക മേളകൾക്കുവേണ്ട പരിശീലനവും പ്രോത്സാഹനവും, സ്ഥിരം സ്റ്റാഫിന്റെ ഒഴിവുനികത്തൽ തുടങ്ങിയവ. | | | |
| | 5. വിലയിരുത്തൽ പ്രക്രിയയിൽ രക്ഷിതാക്കളുടെ പങ്ക്. (കുട്ടികളുടെ പ്രകടനങ്ങളോ ഉല്പന്നങ്ങളോ അധ്യാപകർ വിലയിരുത്തുമ്പോൾ രക്ഷിതാക്കളുടെ സഹകരണം). | | | |
| | 6. ലൈബ്രറി, ലാബ്, ഐ.ടി എന്നിവ കുട്ടികളുടെ പഠനത്തി നായി ഉപയോഗപ്പെടുത്തുന്നതിൽ രക്ഷിതാക്കളുടെ ദൈനം ദിന ഇടപെടൽ. | | | |

| | ശരാശരിയിൽ താഴെ | ശരാശരി | മെച്ചപ്പെട്ടത് |
|---|---|---|---|
| 7. ക്ലബ്ബ് പ്രവർത്തനങ്ങൾ സമൂഹത്തിലേക്കു വ്യാപിപ്പിക്കുന്നതിൽ പി.ടി.എ.യുടെ പങ്ക്. | ☐ | ☐ | ☐ |
| 8. സ്കോളർഷിപ്പ് പരീക്ഷകളിൽ കൂടുതൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ, അവർക്കാവശ്യമായ ക്ലാസ്സുകൾ നൽകൽ, പുതിയ എൻഡോവ്മെന്റുകൾ ഏർപ്പെടുത്തൽ, പൊതു പരീക്ഷ റിസൽട്ട് മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ. | ☐ | ☐ | ☐ |
| 9. ക്ലാസ്സ് പി.ടി.എ.യിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കൽ, സ്കുൾ പഠനത്തിനുശേഷം അധികപഠനത്തിനു വേണ്ട ക്രമീകരണങ്ങൾ ഒരുക്കൽ, പ്രീ-പ്രൈമറി സ്കുൾ നടത്തിപ്പ് തുടങ്ങിയവ. | ☐ | ☐ | ☐ |
| 10. പി.ടി.എ.ഇടപെടൽ മൂലം സ്കൂളിനു ലഭിച്ചിട്ടുള്ള ബഹുമതികൾ, സർട്ടിഫിക്കററുകൾ, ചാമ്പ്യൻഷിപ്പുകൾ തുടങ്ങിയവ. | ☐ | ☐ | ☐ |
| **IV. വിദ്യാർഥി പ്രവേശനം (10)** | | | |
| 1. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കാനുള്ള പ്രവർത്തനങ്ങൾ. | ☐ | ☐ | ☐ |
| 2. കുട്ടികളുടെ അഡ്മിഷൻ വർധിപ്പിക്കാനുള്ള പ്രവർത്തന ങ്ങൾ. | ☐ | ☐ | ☐ |
| **V. പോഷകാഹാരം (10)** | | | |
| 1. സർക്കാർ നൽകുന്ന ഭക്ഷണത്തിനു പുറമേ അധിക ഭക്ഷണം നൽകുക. | ☐ | ☐ | ☐ |
| 2. നൽകുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്ത നും അവ ഭംഗിയായി വിതരണം ചെയ്യാനുമുള്ള സംവിധാന ങ്ങൾ. | ☐ | ☐ | ☐ |
| **VI. ശുചിത്വം, സ്കൂൾ സൗന്ദര്യവൽക്കരണം (15)** | | | |
| 1. ക്ലാസ്സും പരിസരവും ശുചിയായി സൂക്ഷിക്കൽ, ഭക്ഷണശാല, ഭക്ഷണവിതരണസ്ഥലം, പാത്രങ്ങൾ എന്നിവ വൃത്തിയായി സൂക്ഷിക്കൽ, കിണറും പരിസരവും ശുചിയായി സൂക്ഷിക്കൽ, മൂത്രപ്പുര, കക്കൂസ് എന്നിവ വൃത്തിയാക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ, ഗേൾസ് ഫ്രണ്ട്ലി ടോയ്ലററ് ഒരുക്കൽ തുടങ്ങിയവ. | ☐ | ☐ | ☐ |
| 2. **മാലിന്യസംസ്കരണം** - ചവർ, ഭക്ഷണാവശിഷ്ടം എന്നിവയുടെ സംസ്കരണവുമായി ബന്ധപ്പെട്ട് കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ്, ബയോഗ്യാസ്പ്ലാന്റ് നിർമ്മാണം, അഴുക്കുവെള്ളം ഒഴുക്കികളയാനുള്ള ഓടകൾ, പൈപ്പുകൾ എന്നിവ സ്ഥാപിക്കൽ തുടങ്ങിയവ. | ☐ | ☐ | ☐ |

| | ശരാശരിയിൽ താഴെ | ശരാശരി | മെച്ചപ്പെട്ടത് |
|---|---|---|---|
| 3. **സൗന്ദര്യവൽക്കരണം** - പൂന്തോട്ട നിർമ്മാണം, പുസ്തകം, ഫയലുകൾ എന്നിവ ചിട്ടയായും വൃത്തിയായും സൂക്ഷി ക്കൽ, മരം വച്ചുപടിപ്പിക്കലും സംരക്ഷണവും തുടങ്ങിയവ. | ☐ | ☐ | ☐ |
| VII. **ആരോഗ്യം** (20) | | | |
| 1. കലാകാരന്മാർ, സ്പോർട്സ്മാന്മാർ എന്നിവരെ ഉപയോഗപ്പെടുത്തി സ്കൂൾ കുട്ടികൾക്ക് പരിശീലനം. | ☐ | ☐ | ☐ |
| 2. ബോധവൽക്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ, വൈദ്യപരിശോധനകൾ, തുടങ്ങിയവ | ☐ | ☐ | ☐ |
| 3. കൗൺസിലിംഗിനു വേണ്ട ക്രമീകരണങ്ങൾ. | ☐ | ☐ | ☐ |
| 4. പ്രഥമശുശ്രുഷയും തുടർന്ന് ആശുപത്രി സേവനം വേണമെങ്കിൽ അതിനുമുള്ള സൗകര്യമൊരുക്കൽ. | ☐ | ☐ | ☐ |
| VIII. **പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾ** (10) | | | |
| 1. SEN കുട്ടികൾക്ക് വിവിധ സഹായമെത്തിക്കൽ (മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിക്കൽ, പഠനസഹായി, യാത്ര സൗകര്യം, പഠനസൗകര്യമൊരുക്കൽ) | ☐ | ☐ | ☐ |
| 2. മററു ദുർബ്ബല വിഭാഗങ്ങൾക്കുള്ള സഹായങ്ങൾ, പഠനോപകരണം, ചികിത്സ, പോഷകാഹാരം, സാമ്പത്തിക സഹായം, സ്പോൺസറെ കണ്ടെത്തൽ, മുതലായവ) | ☐ | ☐ | ☐ |
| IX. **സംഘടനാ സംവിധാനങ്ങൾ** (25) | | | |
| 1. പി.ടി.എ. ജനറൽബോഡി & എക്സിക്യൂട്ടീവ് യോഗത്തിന്റെ എണ്ണം, ഹാജർനില. | ☐ | ☐ | ☐ |
| 2. യോഗ തീരുമാനങ്ങൾ, അവയുടെ നടപ്പിലാക്കൽ. | ☐ | ☐ | ☐ |
| 3. ക്ലാസ്സ് പി.ടി.എ. യോഗങ്ങളുടെ എണ്ണം, ഹാജർനില എടുക്കുന്ന തീരുമാനങ്ങളുടെ പ്രായോഗികത തുടങ്ങിയവ. | ☐ | ☐ | ☐ |
| 4. എം.പി.ററി.എ. യോഗങ്ങളുടെ എണ്ണം, ഹാജർനില തീരുമാനങ്ങൾ നടപ്പിലാക്കൽ. | ☐ | ☐ | ☐ |
| 5. പ്രാദേശിക പി.ടി.എ യോഗങ്ങൾ, പൂർവ്വവിദ്യാർഥി യോഗങ്ങൾ, സ്റ്റാഫ് മീറ്റിംഗ് എന്നിവ കൂടുന്നതിനുള്ള പ്രത്യേക സംവിധാനങ്ങൾ. | ☐ | ☐ | ☐ |
| X. **സാമൂഹിക ഇടപെടലുകൾ** (10) | | | |
| 1. സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ (അവയുടെ എണ്ണം, പ്രാധാന്യം, ഫലപ്രാപ്തി, ഇടപെടൽ രീതി തുടങ്ങിയവ) | ☐ | ☐ | ☐ |

| | ശരാശരിയിൽ താഴെ | ശരാശരി | മെച്ചപ്പെട്ടത് |
|---|---|---|---|
| 2. സ്കൂൾ ലൈബ്രറി, സ്കൂൾ ഗ്രൗണ്ട്, ലാബ്, കെട്ടിടങ്ങൾ തുടങ്ങിയ സ്കൂൾ സംവിധാനങ്ങൾ, സാമൂഹിക വിദ്യാ ഭ്യാസ ആവശ്യങ്ങൾക്കു പി.ടി.എ.യുടെ മേൽനോട്ടത്തിൽ ഉപയോഗപ്പെടുത്തൽ. | ☐ | ☐ | ☐ |

XI. **സ്കൂൾ ഭരണം** (10)

| | | | |
|---|---|---|---|
| 1. ആസൂത്രണത്തിന്റെ ഭാഗമായി വാർഷിക കലണ്ടർ തയ്യാറാക്കൽ, വികസന പ്രേജക്ടുകൾ തയ്യാറാക്കലും നടപ്പിലാക്കലും, നിർവഹണവുമായി ബന്ധപ്പെട്ട നിർദ്ദേശ ങ്ങൾ നൽകൽ, പ്രധാനാധ്യാപകന്റെ ഭരണ മികവ് എന്നിവ. | ☐ | ☐ | ☐ |
| 2. പി.ടി.എ. ഹെഡ്മാസ്റ്റർ എന്നിവരുടെ ആഭിമുഖ്യത്തിൽ മോണിററിംഗ് പ്രവർത്തനങ്ങൾ. | ☐ | ☐ | ☐ |

XII. **നൂതന (Innovative)പരിപാടികൾ** (10)

| | | | |
|---|---|---|---|
| 1. ദൈനംദിന പഠനപരിപാടികളല്ലാതെ നൂതന പരിപാടികൾ കണ്ടെത്തുന്നതിനും പ്രായോഗികമാക്കുന്നതിനും പി.ററി.എ. യുടെ പങ്കാളിത്തം. (കൃഷി, കൈത്തൊഴിലുകൾ, കലാരൂപ ങ്ങൾ തുടങ്ങിയവ). | ☐ | ☐ | ☐ |
| 2. ഇത്തരം പ്രവർത്തനങ്ങളിലൂടെ അക്കാദമിക രംഗത്തുണ്ടായ മികവ്. | ☐ | ☐ | ☐ |